ഉത്തരം

(എ) 11 സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട് :

1	06:15	കരുനാഗപ്പള്ളി - അഴീക്കൽ
2	06:50	വലിയഴീക്കൽ
3	06:20	കൊട്ടാരക്കര- നൂറനാട്
4	05:45	പന്തളം - ചാരുംമൂട്
5	06:30	മാവേലിക്കര - ചാരുംമൂട്
6	06:40	കോട്ടയം - മെഡി.കോളേജ്
7	06:55	ഓച്ചിറ - ആലപ്പുഴ
8	06:45	ചങ്ങനാശ്ശേരി
9	04:20	കളത്തുപ്പുഴ
10	07:30	ചിറക്കൽ ക്ഷേത്രം
11	07:50	കരുനാഗപ്പള്ളി-കൊച്ചുമുറി

(ബി) കായംകുളം യൂണിറ്റിൽനിന്നും ആരംഭിച്ച പുതിയ സർവ്വീസുകൾ

1	05:15	ഓച്ചിറ - വണ്ടാനം
2	06:00	ഓച്ചിറ - വണ്ടാനം
3	06:45	ഓച്ചിറ - വണ്ടാനം
4	07:00	പതിയൂർ - മാവേലിക്കര

മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

278 (1983) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) മൂന്നാർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സൂപ്രണ്ട് ഇല്ലാത്തതും, സൂപ്രണ്ടിന്റെ ചാർജ്ജ് ആർക്കും നൽകിയിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് ദൈനംദിന പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; എങ്കിൽ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് ;

(ഡി) ഇത്തരത്തിലുള്ള സ്ഥിതി എത്ര കാലത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കും?

ഉത്തരം

(എ) മൂന്നാർ ഓപ്പറേറ്റിംഗ് സെന്ററിൽ ഒരു ഗാരേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് അവിടെ പുതിയ ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി-ഡി) മൂന്നാർ, കോതമംഗലം സബ് ഡിപ്പോയുടെ കീഴിലുള്ള ഓപ്പറേറ്റിംഗ് സെന്ററാണ്. ഓപ്പറേറ്റിംഗ് സെന്ററുകളിൽ സൂപ്രണ്ട് തസ്തിക ഇല്ലാത്തതും മൂന്നാർ ഓപ്പറേറ്റിംഗ് സെന്ററിന്റെ അഡ്മിനിസ്ട്രേഷൻ കോതമംഗലം സബ് ഡിപ്പോയിൽ നിക്ഷിപ്തമായിട്ടുള്ളതുമാണ്.

പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

279 (1984) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാതല സമിതി ചേർന്നിട്ടുണ്ടോ ;

(ബി) യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പരിഗണനകളാണ് നൽകിവരുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് കാർഡുകൾ വിതരണം ചെയ്യ. ബസ്സുടമകൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി. വിദ്യാർത്ഥി സംഘടനകളുടെയും ബസ്സുടമ സംഘടനകളുടെയും പോലീസിന്റെയും സഹകരണം ലഭ്യമാക്കി. കെ.എസ്.ആർ.ടി. സി. ഡോക്കിൽനിന്നും പരമാവധി ബസ്സുകൾ നിരത്തിലിറക്കി ജീവനക്കാരുടെ അവധികൾ നിയന്ത്രിച്ച് കൂടുതൽ സർവ്വീസുകൾ അയയ്ക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 10 രൂപയുടെ സൗജന്യയാത്ര കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതര വിഭാഗം വിദ്യാർത്ഥികൾക്ക് യഥാർത്ഥ നിരക്കിന്റെ 17.32 ശതമാനം തുക മാത്രം ഈടാക്കിക്കൊണ്ട് കൺസഷൻ ടിക്കറ്റ് യാത്രയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly